LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 3, വെള്ളി

വാല്യം: 110| ഔദ്യോഗിക റിപ്പോർട്ട് |നമ്പർ 11

നിയമസഭ 2000 മാർച്ച് മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ: 271.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് വിദേശസഹായ വാഗ്ദാനം

1 (*271)ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പത്തുകോടി രൂപ നൽകാമെന്ന് ഏതെങ്കിലും വിദേശസ്ഥാപനം നിർദ്ദേശം വച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വിദേശ സ്ഥാപനമെന്ന് വെളിപ്പെടുത്താമോ;

(സി) ധനസഹായം നൽകുന്നതിന് പ്രസ്തുത സ്ഥാപനം എന്തെങ്കിലും ഉപാധികൾ വച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ വിശദീകരിക്കുമോ;

(ഡി) തുക സ്വീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും 'കില'യുടെയും പദ്ധതികളുടെ പ്രവർത്തനത്തിൽ ഇടപെടാനുതകുന്ന വിധത്തിലുള്ള എന്തെങ്കിലും ഉപാധികൾ പ്രസ്തുത സ്ഥാപനം വച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി) ഇല്ല. എന്നാൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി വികസന പദ്ധതികൾ രൂപീകരിക്കുന്നതിനും അവ ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകവഴി മാനവശേഷി വർദ്ധിപ്പിക്കുന്നതിനും അത്തരം പരിശീലന പരിപാടികൾ അനുസ്യൂതം തുടരുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിനും വേണ്ടി (കപ്പാസിറ്റി ഡെവലപ്മെന്റ്) 10.54 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് കോർപ്പറേഷൻ (എസ്.ഡി.സി.) എന്ന വിദേശ സ്ഥാപനം തയ്യാറാക്കുകയും ആയതു പ്രകാരം തദ്ദേശ ഭരണവകുപ്പിന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന സ്ഥാപനവും എസ്.ഡി.സി.യും 24.1.2000-ന് ധനസഹായ കൈമാറ്റ കരാറിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിദേശ ധനസഹായം ലഭ്യമല്ല.

(സി) ധനസഹായം സ്വീകരിക്കുന്നതിനായി കില പാലിക്കേണ്ട വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

(1) കരാറിൽ പറയും പ്രകാരം സാങ്കേതിക പരിശീലന പരിപാടികൾവഴി മാനവശേഷി വികസന പദ്ധതികൾക്കുവേണ്ടി മാത്രമേ വിദേശ ധനസഹായം ഉപയോഗിക്കുവാൻ പാടുള്ളൂ.

(2) എസ്.ഡി.സി.യുടെ ധനസഹായത്തോടുകൂടി നടത്തുന്ന പദ്ധതികളുടെ ധനവിനിയോഗ കണക്കുകൾ എഫ്.സി.ആർ.എ. (ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട്) നിബന്ധനപ്രകാരം സൂക്ഷിക്കേണ്ടതും വാർഷികക്കണക്കുകളുടെ സ്റ്റേറ്റ്മെന്റ് എസ്.ഡി.സി. ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

(3) പദ്ധതി നടപ്പാക്കാനാവശ്യമായ അധിക തസ്തികകളിൽ അഞ്ചെണ്ണം പ്രോജക്ട് ധനസഹായത്തോടുകൂടിയും ഏഴ് തസ്തികകൾ കില നേരിട്ടും സൃഷ്ടിച്ച് നിയമനം വാങ്ങേണ്ടതുണ്ട്.

(4) പ്രോജക്ട് ധനസഹായത്തോടുകൂടി സൃഷ്ടിക്കുന്ന പ്രോജക്ടുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി കേരള സർക്കാരിന്റെയും കിലയുടേയും എസ്.ഡി.സി.യുടേയും പ്രതിനിധികൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ശ്രീ. കെ. ബാബു : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികേന്ദ്രീകരണ പ്രവർത്തനത്തിനുവേണ്ടി ഈ സ്വിസ് ഏജൻസിക്ക് പുറമേ വേൾഡ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും സഹായത്തിനുവേണ്ടി ശ്രമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വ്യക്തമാക്കാമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ഇപ്പോൾ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

<u>ശ്രീ. കെ. ബാബു</u> : നമ്മുടെ രാജ്യത്തെ ബാങ്കുകളിൽനിന്നും വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് വായ്പ നൽകുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടോ; അങ്ങനെ ബാങ്കുകൾ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വായ്പ തന്നാൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുന്ന വായ്പയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് അവർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ധന സഹായം നൽകാമെന്നുള്ളതാണ് ബാങ്കുകൾ സമ്മതിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ ഭരണസ്ഥാപനങ്ങളും പദ്ധതികൾ തയ്യാറാക്കി നൽകുന്നുണ്ട്. പദ്ധതിയുടെ ഭാഗമായിട്ടുള്ളത്, രണ്ടു മൂന്ന് ജില്ലകളിൽ വിപുലമായിട്ടുള്ള തോതിൽ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങൾ ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്നുണ്ട്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : കിലയിൽ വിദേശ സഹായത്തോടുകൂടി പരിശീലനം നടത്തുന്നുണ്ടെന്ന് പറഞ്ഞു, ഇതിനകം സാമ്പത്തികമായി പുരോഗതി ലഭിക്കുന്നതിനുവേണ്ടി ദാരിദ്ര്യരേഖയ്ക്ക് അപ്പുറം ആളുകളെ കൊണ്ടു ചെല്ലുന്നതിനുവേണ്ടി എത്ര ആളുകൾക്ക് പരിശീലനം നൽകിയെന്ന് പറയാമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : അതിന്റെ കൃത്യമായിട്ടുള്ള കണക്ക് ഞാൻ ശേഖരിച്ചു പറയാം. കഴിഞ്ഞ രണ്ട്മൂന്ന് കൊല്ലമായി നിരന്തരമായിട്ട് അവിടെ പരിശീലനം നടക്കുകയാണ്. അതിൽ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉണ്ട്, കർമ്മ സമിതി അംഗങ്ങൾ ഉണ്ട്, അതുപോലെയുള്ള എല്ലാ വിഭാഗങ്ങളിലും നിരന്തരമായി പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : പരിശീലനം നടത്തിയ ആളുകൾ സ്വയം തൊഴിൽ ചെയ്യുന്നതിന് വല്ല പരിശ്രമങ്ങളും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്നുള്ളതിന്റെ വിവരം ബഹുമാനപ്പെട്ട ഗവൺമെന്റിന് അറിയാമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : അത് മുഖ്യമായിട്ട് വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഭാഗമായി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണ പദ്ധതിയാണ്. അതിനെ സഹായിക്കാനും പദ്ധതികൾ തയ്യാറാക്കണം. അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശീലനമാണ് മുഖ്യമായിട്ടും കൊടുക്കുന്നത്. ഇതുകൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന്റെ പ്രത്യേക ഉന്നമനം വച്ചുകൊണ്ട് പദ്ധതി തയ്യാറാക്കണം. അവരെ സഹായിക്കാനുള്ള പരിശീലനം കൊടുക്കുന്നുണ്ട്.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : ജനകീയാസൂത്രണത്തിൽ തികച്ചും പ്രവൃത്തിചെയ്യുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ജനകീയ കമ്മിറ്റികൾക്ക് പ്രവൃത്തി ചെയ്യുന്നതിന് ലോക്കൽ കോൺട്രിബ്യൂഷൻ കൂടി പറയുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം ചില പ്രവൃത്തികൾക്ക് ലോക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രിബ്യൂഷൻ ലഭിക്കുന്നില്ല. ലോക്കൽ കോൺട്രീബ്യൂഷൻ ലഭിക്കാത്തതുകൊണ്ട് ഇത്തരം കമ്മിറ്റികൾ വളരെ വലിയ സാമ്പത്തിക ബാദ്ധ്യത ഏൽക്കേണ്ടിവരുന്നു. അത്തരം സാമ്പത്തിക ബാദ്ധ്യത ഏൽക്കുന്നതും ലോക്കൽ കോൺട്രിബ്യൂഷൻ ലഭിക്കാത്തതുമായ കമ്മിറ്റികൾക്ക് ആ സാമ്പത്തികനഷ്ടം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : അതൊരു നിർബന്ധത്തോടുകൂടി വച്ചിട്ടുള്ളതല്ല. പരമാവധി ജനങ്ങളുടെ സഹകരണമുണ്ടാകുന്നതിനുവേണ്ടി വച്ചിട്ടുള്ളതാണ്. അത് നമ്മുടെ സംസ്ഥാനത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന ഘട്ടത്തിൽ സാമ്പത്തികമായിട്ടും അതുപോലെ സാധനങ്ങളായിട്ടും മനുഷ്യാദ്ധ്വാനമായിട്ടും ധാരാളം കിട്ടുന്നുണ്ട്. അപൂർവ്വം ചില സ്ഥലങ്ങളിൽ അതിനുള്ള സാദ്ധ്യതയില്ലെങ്കിൽ അത് പരിശോധിച്ച് ഒഴിവാക്കാനുള്ള വ്യവസ്ഥയും അതിനകത്തുണ്ട്.

<u>ശ്രീ. സി.എഫ്. തോമസ്</u> : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനപ്രവർത്തനങ്ങൾക്ക് പോരാതെ വരുന്ന ഫണ്ടിന് അതാതു പ്രദേശത്തെ സഹകരണസ്ഥാപനങ്ങളിൽനിന്നും പണം മിച്ചമുള്ളത് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നഘട്ടത്തിൽ ആ പദ്ധതിക്കുള്ള ധനസഹായം അവർക്ക് ധനകാര്യസ്ഥാപനങ്ങൾ മുഖേന ആവശ്യപ്പെടാം. ആ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ സാധിക്കുന്നതാണ് എന്ന് കണ്ടിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അതിന് ധനസഹായം ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്, ചില സാങ്കേതിക പ്രശ്നമെല്ലാം പറഞ്ഞ് ചില സ്ഥലത്ത് കിട്ടിയിട്ടില്ലായെന്നുള്ള പരാതിയുണ്ട്, എങ്കിൽപ്പോലും അത് പരിശോധിച്ച് കൊടുപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപെടുന്നതാണ്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : നമ്മുടെ സഹകരണ നിയമത്തിന്റെ ഭേദഗതിയോടുകൂടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സഹകരണസംഘങ്ങളിൽ അംഗമായി ചേരുന്നതിനുള്ള അവകാശമുണ്ട്. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണസംഘങ്ങളിൽ അംഗമായി ചേർന്നുകൊണ്ട് ലോൺ അപേക്ഷ നൽകി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമോ; അങ്ങനെ ലോൺ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗ്യാരന്റി നിൽക്കുവാൻ തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ഇത് സംബന്ധിച്ച് സഹകരണ വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും തമ്മിൽ രണ്ടുമൂന്നു തവണ ചർച്ചകൾ നടത്തി. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ അതിന്റെ അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ്. തീർച്ചയായിട്ടും സഹകരണസ്ഥാപനങ്ങളുടെ ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കണമെന്നുള്ളതാണ് രണ്ട് ഡിപ്പാർട്ടുമെന്റിന്റെയും കാഴ്ചപ്പാട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, 'കില'യിൽ നടന്നുകൊണ്ടിരിക്കുന്ന പരിശീലനത്തെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ജനകീയാസൂത്രണം കഴിഞ്ഞ 3 വർഷക്കാലമായി 'കില'യടക്കം കേരള സംസ്ഥാനത്തിലെ വിവിധ തലങ്ങളിൽ നടന്ന ട്രെയിനിംഗുകളിൽ എത്ര ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കാൻ സാധിച്ചിട്ടുണ്ട്; ആ ട്രെയിനിംഗ് കൊണ്ട് എന്ത് പ്രയോജനം ഈ സംസ്ഥാനത്തിന് കിട്ടി എന്നതിനെക്കുറിച്ച് ഇവാല്യുവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുണ്ടോ; ആ ട്രെയിനിംഗിന് മൊത്തമായി സംസ്ഥാനത്ത് ഇന്ന് എത്ര കോടി രൂപ ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച 2 കാര്യത്തിന്റെ കണക്ക് ഞാൻ ശേഖരിച്ച് പറയാം. അതിന്റെ പ്രയോജനത്തെക്കുറിച്ച് കണക്കില്ലാതെ പറയാം. ജനകീയാസൂത്രണം ഇത്രയും ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചതിൽ ഒരു പ്രധാനപ്പെട്ട ഘടകം ഈ പരിശീലനമാണ്. വിവിധ തലങ്ങളിൽ ഈ പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി, അതിന്റെ നടത്തിപ്പിനുവേണ്ടി വലിയ തോതിൽ പരിശീലനം കൊടുത്തിട്ടുണ്ട്. അത് ഫലപ്രദമായിരുന്നു എന്നുള്ളതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുമുള്ള റിപ്പോർട്ട്. എത്ര പേർക്ക് ട്രെയിനിംഗ് കൊടുത്തു എന്നുള്ളതിന്റേയും സാമ്പത്തികമായിട്ടുള്ളതിന്റേയും കൃത്യമായിട്ടുള്ള കണക്ക് പിന്നീട് പറയാം.

ശ്രീ. എ. കണാരൻ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനുവേണ്ടി ഇപ്പോൾ നമുക്ക് അവശ്യമുള്ളത് വീട്, കക്കൂസ്, അത്യാവശ്യമായ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയാണ്. ഇതിനെല്ലാംവേണ്ടി ഈ ഫണ്ട് മതിയാകുന്നില്ല. ഗവൺമെന്റ് ബഡ്ജറ്റിൽ തുക വകയിരുത്തുമ്പോൾ ഈ പ്രവർത്തനങ്ങൾക്ക് തുക മതിയാകാതെ വരുന്നു. അങ്ങനെ മതിയാകാതെ വരുമ്പോൾ അതിനുവേണ്ടി ലക്ഷം വീടു മുതൽ പൊളിച്ചുമാറ്റി ഇരട്ട വീടുകളാക്കി മാറ്റുകയാണ്. ചേരി നിവാസികളുടെ ചേരികൾ മുഴുവൻ തന്നെ നിർമ്മാർജ്ജനം ചെയ്യുകയാണ്. ഇതിനെല്ലാം വേണ്ടി ധനകാര്യ സ്ഥാപനങ്ങൾ കടം കൊടുക്കുന്നുണ്ട്. ഹഡ്കോ, കെ.എഫ്.സി. അതുപോലുള്ള സ്ഥാപനങ്ങളും കടംകൊടുക്കുന്നുണ്ട്. ആ കടം കൊടുക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കടം വാങ്ങി ഈ പദ്ധതി നിർവ്വഹിക്കാൻ വേണ്ടിയുള്ള സംവിധാനം ഏർപ്പാട് ചെയ്യുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, അത് ഞാൻ പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ചും നമ്മുടെ സംസ്ഥാനത്തിലുള്ള 3 ജില്ലകൾ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന രീതിയിൽ ഒരു പദ്ധതി തയ്യാറാക്കി. ഈ വർഷം 30,000 വീടാണ് തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചത്. അതുപോലെ കൊല്ലത്തും തൃശ്ശൂരും ഈ പരിപാടികൾ നടക്കുന്നുണ്ട്. ഇതിനുള്ള സാമ്പത്തിക സഹായം സഹകരണ ബാങ്കിൽനിന്നും ലഭിക്കുന്നതിനുവേണ്ടിയുള്ള ചർച്ച നടത്തി തീരുമാനമായി. അതിന്റെ അടിസ്ഥാനത്തിലാണ് ആ പദ്ധതി നടത്താൻ പോകുന്നത്. ഓരോ ജില്ലയിലും പ്രത്യേകമായി അതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കുടിവെള്ളത്തിന് 50 ലക്ഷത്തിനു താഴെ വരുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഒരു പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് ഒരു വർഷം 3 കുടിവെള്ള പദ്ധതിക്കെങ്കിലും ജൻമം കൊടുക്കാൻ സഹായിക്കുമാറ് ഒരു പ്രോജക്ട് തയ്യാറാക്കി നേടിയെടുക്കുന്നതിന് പരിശ്രമിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, അതിനുള്ള സാധ്യത ഉണ്ടെങ്കിൽ തീർച്ചയായിട്ടും പരിശോധിക്കാം. പക്ഷെ ഇപ്പോൾ ഈ കുടിവെള്ളപ്രശ്നം തീർക്കുന്നതിനുവേണ്ടി വൻകിട പദ്ധതികൾ അല്ല നമ്മുടെ മുൻപിലുള്ളത്. ഓരോ പഞ്ചായത്ത് വാർഡുകളിലും ഒന്നോ, രണ്ടോ കൊച്ചു പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് ഏർപ്പെടുത്തിക്കൊണ്ട് പരിഹരിക്കാൻ കഴിയും എന്നുള്ളതാണ് ഈ രണ്ടു കൊല്ലത്തെ അനുഭവം. ആ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത്പോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗവൺമെന്റ് കൊടുക്കുന്ന സാമ്പത്തിക സഹായത്തിനു പുറമെ പഞ്ചായത്തുകൾക്ക് മറ്റ് വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സ്വന്തമായിട്ട് വരുമാനമുണ്ടാക്കാനുള്ള പദ്ധതി മുൻപേയുണ്ട്. ഈ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതാണ്. പല പഞ്ചായത്തുകളും വളരെ ഫലപ്രദമായ രീതിയിൽ അത്തരം പദ്ധതികൾ തയ്യാറാക്കി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ചില ഗ്രാമപ്രദേശങ്ങളിലെല്ലാം വേണ്ടത്ര ഫലപ്രദമാകുന്നില്ല, പരാജയമാണ് എന്നുള്ള അഭിപ്രായമുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ സെൻ കമ്മിഷന്റെ നിർദ്ദേശങ്ങളെക്കുറിച്ച് നടത്തിയ സെമിനാർ ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ഘാടനം ചെയ്തു, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു, ഞാനും അതിലുണ്ടായിരുന്നു. യോഗത്തിൽ അവർ പാസ്സാക്കിയ ഒരു പ്രമേയം ചർച്ചയ്ക്കുവച്ചു. ഇതുപോലുള്ള പരിശീലനങ്ങൾ, സിംപോസിയം, സെമിനാറുകൾ ഇതെല്ലാം ചർവ്വിതചർവ്വണമാണെന്നും അതുപോലെ പ്ലാനിംഗ് ബോർഡിന്റെ തലതിരിഞ്ഞ ഓർഡറുകളാണ് ഈ വികസന പ്രവർത്തനത്തിന് തടസ്സം എന്നും പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി ആ സെമിനാറിൽ വച്ചു. ആരാണ് അസോസിയേഷന്റെ ആളുകൾ എന്ന് ഞാൻ പറയാതെ അങ്ങേയ്ക്ക് അറിയാമല്ലോ. എന്നെക്കാൾ കൂടുതൽ അറിയാവുന്ന ആളാണല്ലോ അങ്ങ്. അസോസിയേഷൻ പാസ്സാക്കിയ ആ പ്രമേയത്തെക്കുറിച്ച് ഗവൺമെന്റ് എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ഒരു പുതിയ മേഖലയിലാണ് ഈ ജനകീയാസൂത്രണ പ്രവർത്തനത്തിലൂടെ പരിശീലനം കൈവരിച്ചിട്ടുള്ളത് എന്നാണ് ഗവൺമെന്റ് കാണുന്നത്. അതിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ വർഷങ്ങളിൽ ആവശ്യമായിട്ടുള്ള പരിശീലനം വേണ്ടതുപോലെ കൊടുക്കാൻ കഴിഞ്ഞില്ല എന്നുള്ള പിശകും തിക്താനുഭവങ്ങളും നമ്മളിവിടെ ചർച്ച ചെയ്തു. പരമാവധി അത്തരം കുറവുകൾ പരിഹരിച്ചുപോകാൻ ഇതുപോലുള്ള പരിപാടികൾ വേണം എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അത് തുടരുന്നത്. ചില പഞ്ചായത്ത് പ്രസിഡന്റുമാരെ സംബന്ധിച്ചിടത്തോളം ഒരു പരിശീലനവും ആവശ്യമില്ല എന്നുള്ള ധാരണയിലാണ് പോകുന്നത്. അത് ശരിയല്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

2 (*272)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എളമരം കരീം :

ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly